ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.-മാരോട് ഈ വിഷയത്തിൽ ഇടപെട്ട് റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഡോ. മീനാകുമാരി റിപ്പോർട്ട്

118 (123) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. പി. ബി. അബ്ദുൽ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയേയും, മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡോ. മീനാകുമാരി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്രം നിയമനിർമ്മാണത്തിന് തുടക്കം കുറിച്ച കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) സംസ്ഥാന മത്സ്യബന്ധന മേഖലയ്ക്കും, മത്സ്യത്തൊഴിലാളികൾക്കും ഹാനികരമാവാത്തവിധമുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ വേണ്ടതു ചെയ്യുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. 200 മീ. മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ഒരു "ബഫർ സോൺ" ആയി നിലനിർത്തുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുകയും വിദേശ ട്രോളറുകൾക്ക് ഗുണകരമാകാനും സാധ്യതയുണ്ട്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്കു പുറമേ 240 tuna long liner ഉം 15 purse sciners 15 squid jigger-ഉം ഉൾപ്പെടെ 270 ആഴക്കടൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന യാനങ്ങൾ കൂടി EEZ-ൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(സി) ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഒന്നാംതന്നെ നടപ്പിലാക്കരുത് എന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

119 (124) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദേശ മൂലധന പങ്കാളിത്തമുള്ള സംയുക്ത സംരംഭകർക്ക് മത്സ്യബന്ധനത്തിന് അനുമതി നല്കാൻ കേന്ദ്രം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) റിപ്പോർട്ടിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്ത്യൻ EEZ-ൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനായി കേന്ദ്ര സർക്കാർ 2014-ൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ 22 നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ഇന്ത്യൻ EEZ-ൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള Animal husbandry, Dairing and Fisheries വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി പത്രം (LOP) ആവശ്യമാണ്. സമുദ്ര വിഭവങ്ങളുടെ potentiality പുനരുജ്ജീവിപ്പിക്കുന്നതിനായി Long line tuna fishing, Purse Seining tuna fishing, Mid-water pelagic trawler തുടങ്ങിയ മത്സ്യബന്ധന രീതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly